ഉത്തരം

(എ ആന്റ് ബി) പോലീസ് വകുപ്പിലെ വിവിധ ബ്രാഞ്ചുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ആവശ്യം പരിശോധിച്ചു വിശദമായ നിർദ്ദേശം സമർപ്പിക്കുവാൻ ഡി.ജി.പി.-യോടു ആവശ്യപ്പെട്ടിരിക്കുകയാണ്.

മണ്ണാർക്കാട് പോലീസ് സ്റ്റേഷന്റെ വിഭജനം

45 [2531] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണാർക്കാട് പോലീസ് സ്റ്റേഷന്റെ പ്രവർത്തനപരിധി വിഭജിച്ച് ഒരു പോലീസ് സ്റ്റേഷൻ കൂടി തുടങ്ങാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ ആവശ്യത്തിന്മേൽ ഡി.ജി.പി.-യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

പോലീസ് സേനയിലെ ടെലികമ്മ്യൂണിക്കേഷൻ വിഭാഗം

46 [2532] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ ടെലികമ്മ്യൂണിക്കേഷൻ വിഭാഗം കോൺസ്റ്റബിൾമാരുടേയും ഹെഡ് കോൺസ്റ്റബിൾമാരുടേയും ഇപ്പോഴത്തെ അംഗസംഖ്യ എത്രവീതമാണ്; ഇത് എത്ര വർഷം മുമ്പുള്ള അംഗീകൃത അംഗസംഖ്യയാണ്;

(ബി) നവീകരണത്തിന്റെ ഭാഗമായി ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ എന്തെല്ലാം നവീകരണമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ ഇതിന്റെ ഭാഗമായി പോലീസ് കോൺസ്റ്റബിൾ (ടെലികമ്മ്യൂണിക്കേഷൻ) അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) 1974-ൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗം രൂപീകൃതമായ ശേഷം ഒട്ടനവധി പുതിയ ടെലികമ്മ്യൂണിക്കേഷൻ സാങ്കേതിക വിദ്യകൾ പോലീസിൽ കൈകാര്യം ചെയ്യുകയും, കൂടുതൽ സ്റ്റേഷനുകളിലും സ്ഥലങ്ങളിലും സ്ഥാപിക്കുകയും ചെയ്തിട്ടും അംഗസംഖ്യമാത്രം വർദ്ധിപ്പിക്കാതിരുന്നതിന് കാരണമെന്ത്;

(ഇ) മറ്റ് വിഭാഗം പോലീസ് കോൺസ്റ്റബിൾമാരെക്കൊണ്ട് വയർലെസ് സംവിധാനം പ്രവർത്തിപ്പിക്കുന്നതു മൂലം അത്യാധുനിക വയർലെസ് ഉപകരണങ്ങൾ കേടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly